Estd : 2007

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2025 ജൂലൈ 23 ബുധൻ

ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## വംശീയ ആക്രമണം: അയർലൻഡിൽ ഇന്ത്യക്കാരനെ നഗ്നനാക്കി മർദിച്ചു

ഡബ്ലിൻ: അയർലൻഡിൽ ഇന്ത്യക്കാരൻ ആൾക്കൂട്ട ആക്രമണത്തിന് ഇരയായതായി റിപ്പോർട്ട്. തലസ്ഥാന നഗരമായ ഡബ്ലിന് സമീപത്തുള്ള ടാലറ്റിൽ ആണ് നാൽപതുകാരൻ ക്രൂരമായി ആക്രമിക്കപ്പെട്ടത്. കുട്ടികളോട് മോശമായി പെരുമാറി എന്നാരോപിച്ചാണ് ആൾക്കൂട്ടം ആക്രമണത്തിന് മുതിർന്നത്. എന്നാൽ, ആക്രമണത്തിന് കാരണം വംശീയ വിദ്വേഷമാണെന്നാണ് അധികൃതർ നൽകുന്ന സൂചന. സംഭവവുമായി ബന്ധപ്പെട്ട് ഐറിഷ് ടൈംസ് പങ്കുവച്ച റിപ്പോർട്ടിലും വംശീയ ആക്രമണം എന്ന പരാമർശമുണ്ട്. ആക്രമണത്തിന് ഇരയായ വ്യക്തിയുടെ പേരുവിവരങ്ങൾ പുറത്തുവന്നിട്ടില്ല.

ജൂലൈ 19 ന് ആയിരുന്നു ആക്രമണം നടന്നത് എന്നാണ് റിപ്പോർട്ട്. ടാലറ്റ് നഗരത്തിന്റെ പ്രാന്തപ്രദേശമായ ടാലറ്റിലെ പാർക്ക് ഹിൽ റോഡിൽവച്ചുണ്ടായ ആക്രമണത്തിന് പിന്നിൽ ഒരു കൂട്ടം ഐറിഷ് യുവാക്കൾ ആണെന്നാണ് വിവരം. അക്രമികൾ ഇന്ത്യക്കാരനെ ക്രൂരമായി മർദിക്കുകയും വസ്ത്രാക്ഷേപം നടത്തുകയും ചെയ്തു. സമീപത്ത് ഉണ്ടായിരുന്നവർ ഇടപെട്ട് ആക്രമണം തടഞ്ഞപ്പോളേക്കും മുഖത്തും കൈകളിലും കാലിലും ഗുരുതരമായി പരുക്കേറ്റ് ചോരയൊലിക്കുന്ന നിലയിലായിരുന്നു എന്നും റിപ്പോർട്ടുകൾ പറയുന്നു.


യുവാവ് കുട്ടികളോട് മോശമായി പെരുമാറിയെന്ന ആരോപണം തെറ്റാണെന്ന് ഐറിഷ് പൊലീസ് അറിയിച്ചു. ആക്രമണത്തിന് പിന്നിൽ രാജ്യത്തെ തീവ്ര വലതുപക്ഷ, കുടിയേറ്റ വിരുദ്ധ നിലപാടുള്ളവരാണെന്നാണ് പൊലീസിന്റെ നിഗമനം. ഇത്തരം സംഘങ്ങളുമായി ബന്ധപ്പെട്ട സോഷ്യൽമീഡിയ ഹാൻഡിലുകളിൽ ഉൾപ്പെടെ ആക്രമണത്തിന്റെ അവകാശവാദം ഏറ്റെടുത്തിട്ടുണ്ടെന്നും പൊലീസ് ചൂണ്ടിക്കാട്ടുന്നു. ആക്രമണത്തിൽ പരിക്കേറ്റ യുവാവിനെ ടാലറ്റ് യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും ജൂലൈ 20 ന് ഡിസ്ചാർജ് ചെയ്തെന്നും പൊലീസ് അറിയിച്ചു. ആക്രമണത്തെ, അയർലൻഡിലെ ഇന്ത്യൻ അംബാസഡർ അഖിലേഷ് മിശ്ര അപലപിച്ചു. കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ടാലറ്റ് പ്രദേശത്ത് ഇത്തരം സംഭവങ്ങൾ അടുത്തിടെ ആവർത്തിച്ച് വരുന്നതായും റിപ്പോർട്ടുകളുണ്ട്. കുടിയേറ്റക്കാർക്കെതിരെ ആക്രമണങ്ങൾ മേഖലയിൽ കൂടുന്നുണ്ടെന്നും അവർ പ്രശ്നക്കാരാണെന്നുള്ള പ്രതീതി ഉണ്ടാക്കാനുള്ള മനഃപൂർവമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും അധികൃതർ പറഞ്ഞു.

## ജഗദീപ് ധൻകറിന്റെ രാജി; ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിന് നടപടി തുടങ്ങി

ദില്ലി: ജഗദീപ് ധൻകറിന്റെ രാജിക്ക് പിന്നാലെ അടുത്ത ഉപരാഷ്ട്രപതിക്കായി തെരഞ്ഞെടുപ്പ് നടപടി തുടങ്ങി തെരഞ്ഞെടുപ്പ് കമ്മീഷൻ. തെരഞ്ഞെടുപ്പിന് വേണ്ടിയുള്ള പ്രാഥമിക നടപടികൾ തുടങ്ങിയതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ലോക്സഭയിലെയും രാജ്യസഭയിലെയും അംഗങ്ങൾക്കാണ് വോട്ടവകാശമുള്ളത്. പ്രഖ്യാപനം വൈകാതെയുണ്ടാകുമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

പാർലമെന്റിന്റെ ഇരു സഭകളിലെയും അംഗങ്ങൾ ചേർന്നാണ് ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കേണ്ടത്. ഇപ്പോഴത്തെ അംഗബലത്തിൽ എൻഡിഎ സ്ഥാനാർത്ഥിക്ക് ജയം ഉറപ്പാണ്. ജഗദീപ് ധൻകറിൻറെ രാജി സർക്കാരിനെ വെട്ടിലാക്കിയതോടെ പ്രതിസന്ധി മറികടക്കാൻ പുതിയ ഉപരാഷ്ട്രപതിക്കായുള്ള ചർച്ച നടത്തുകയാണ് മുതിർന്ന ബിജെപി നേതാക്കൾ. രാംനാഥ് താക്കൂർ, രാജ്നാഥ് സിംഗ്, ആരിഫ് മുഹമ്മദ് ഖാൻ അടക്കം നിരവധി പേരുകൾ



ചർച്ചയിലുണ്ട്. അതേസമയം, ജഗദീപ് ധൻകറിൻറെ രാജിയുടെ കാരണം എന്തെന്നതിൽ അവ്യക്തത തുടരുകയാണ്. ധൻകറിന്റെ രാജിയുടെ കാരണത്തിൽ കേന്ദ്രം ഇതുവരെ വ്യക്തത വരുത്തിയിട്ടില്ല. പ്രധാനമന്ത്രി നരേന്ദ്രമോദി ധൻകറിന് ആശംസ നേർന്നെങ്കിലും ബിജെപി നേതൃത്വം മൗനം തുടരുകയാണ്.

ജഗദീപ് ധൻകറിന് യാത്രയയപ്പ് നൽകാത്തതും ചർച്ചയായി. വിടവാങ്ങൽ പ്രസംഗവും ഉണ്ടായില്ല. വെറും രണ്ട് വരിയിൽ മാത്രം പ്രധാനമന്ത്രി ആശംസയറിയിച്ചതും സംശയങ്ങൾ ഉയർത്തുകയാണ്. സർക്കാരുമായുള്ള അഭിപ്രായ ഭിന്നതയാണ് രാജിക്ക് കാരണമെന്ന സൂചന ശക്തമാകുന്നതിനിടെ പ്രതിപക്ഷം സർക്കാരിനെതിരെ നിലപാട് കടുപ്പിച്ചു. കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ ദിവസം രാജ്യസഭ സ്തംഭിപ്പിച്ചിരുന്നു. ധൻകറിൻറെ രാജി ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം ചെയ്ത പശ്ചാത്തലത്തിൽ ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ വൈകാതെ തെരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയേക്കും.

## സിഎംആർഎൽ എക്സാലോജിക് ഇടപാട് – ടി. വീണ ഉൾപ്പടെയുള്ളവർക്ക് നോട്ടീസ് അയക്കാൻ ഹൈക്കോടതി നിർദേശം

എറണാകുളം: സിഎംആർഎൽ - എകസാലോജിക് ഇടപാടിൽ സിബിഐ ഇഡി അന്വേഷണം ആവശ്യപ്പെട്ടുള്ള ഹരജിയിൽ ടി വീണ ഉൾപ്പെടെയുള്ളവർക്ക് ഹൈക്കോടതി നോട്ടീസ്.

ബിജെപി നേതാവ് ഷോൺ ജോർജിന്റെ ഹരജിയിലാണ് ഹൈക്കോടതി നടപടി. കമ്പനി നിയമപ്രകാരം മാത്രമാണ് എസ്എഫ്ഐഒ അന്വേഷണം നടത്തിയതെന്നും കള്ളപ്പണ നിരോധന നിയമപ്രകാരം കേസെടുത്ത് അന്വേഷിക്കാൻ സിബിഐ, ഇഡി ഉൾപ്പെടെയുള്ള ഏജൻസികൾക്ക് നിർദേശം നൽകണമെന്നുമാണ് ഹരജിയിലെ ആവശ്യം.

തുടർന്ന് എസ്എഫ്ഐഒ റിപ്പോർട്ടിൽ പേര് പരാമർശമുള്ളവരെക്കൂടി എതിർകക്ഷികളാക്കാൻ കോടതി നിർദേശിച്ചിരുന്നു. പിന്നാലെ ഹരജിയിൽ ഷോൺ ജോർജ് കക്ഷിചേർത്ത മുഖ്യമന്ത്രി പിണറായി വിജയൻറെ മകൾ ടി വീണ, സിഎംആർഎൽ ഉദ്യോഗസ്ഥർ, എക്സാലോജിക് സൊല്യൂഷൻസ് എന്നിവരുൾപ്പെടെയുള്ള 13 കക്ഷികൾക്കാണ് ഹൈക്കോടതി നോട്ടീസ് അയച്ചത്. ഹരജി ഒരു മാസത്തിനു ശേഷം വീണ്ടും പരിഗണിക്കും.

## കരിപ്പൂരിൽ നിന്ന് ദോഹയിലേക്ക് പറന്നുയർന്ന വിമാനം തിരിച്ചിറക്കി

മലപ്പുറം: കരിപ്പൂരിൽ നിന്ന് പറന്നുയർന്ന വിമാനം അടിയന്തരമായി തിരിച്ചിറക്കി. സങ്കേതിക തകരാറിനെ തുടർന്നാണ് ദോഹയിലേക്ക് യാത്രതിരിച്ച എയർ ഇന്ത്യയുടെ കത 375 എകസ്പ്രസ് വിമാനം തിരിച്ചിറക്കിയത്.

ഇന്ന് രാവിലെ 11 മണിയോടെയാണ് സംഭവം. അതേസമയം മറ്റു പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. വിമാനത്തിലെ യാത്രക്കാരെല്ലാം സുരക്ഷിതരാണ്. വിമാനത്തിൽ 175 യാത്രക്കാരാരും ഏഴ് കുട്ടികളും വിമാന ജീവനക്കാരും ഉൾപ്പെടെ 188 പേരാണ് ഉണ്ടായിരുന്നത്.

രാവിലെ 9.07നാണ് വിമാനം പുറപ്പെട്ടത്. രണ്ട് മണിക്കൂറിന് ശേഷം 11.12 ന് അതേ വിമാനത്താവളത്തിൽ തന്നെ വിമാനം തിരിച്ചെത്തിയതായി വിമാനത്താവള ഉദ്യോഗസ്ഥൻ പറഞ്ഞതായി എൻഡിടിവി റിപ്പോർട്ട് ചെയ്യുന്നു. വിമാനത്തിന്റെ ക്യാബിൻ എസിയിൽ എന്തോ സാങ്കേതിക പ്രശ്നമുണ്ടായിരുന്നുവെന്നും എന്നാൽ അടിയന്തര ലാൻഡിംഗ് അല്ലായിരുന്നുവെന്നുമാണ് ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നത്.

അതേസമയം സാങ്കേതിക പിഴവ് കണക്കിലെടുത്ത് മുൻകരുതൽ നടപടിയായാണ് വിമാനം ലാൻഡിംഗ് നടത്തിയതെന്നും ഉച്ചയ്ക്ക് 1.30 ഓടെ യാത്രക്കാർക്ക് ബദൽ വിമാനം ക്രമീകരിക്കുമെന്നും എയർ ഇന്ത്യ എക്സ്പ്രസ് വക്താവ് പറഞ്ഞതായും എൻഡിടിവി റിപ്പോർട്ട് ചെയ്യുന്നു. അതുവരെ യാത്രക്കാർക്ക് ഭക്ഷണം, വെള്ളം തുടങ്ങിയ എല്ലാ ക്രമീകരണങ്ങളും വിമാനത്താവളത്തിൽ ഒരുക്കിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

## വസതിയിൽ നിന്ന് പണം കണ്ടെത്തിയ സംഭവം: ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ ഹർജി സുപ്രീം കോടതിയിൽ പരാമർശിച്ചു

ദില്ലി: ഔദ്യോഗിക വസതിയിൽ നിന്ന് കണക്കിൽപ്പെടാത്ത പണം കണ്ടെത്തിയ സംഭവത്തിൽ ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ ഹർജി സുപ്രീം കോടതിയിൽ പരാമർശിച്ചു. സുപ്രീംകോടതിയുടെ ആഭ്യന്തര അന്വേഷണത്തിനെതിരായ ഹർജിയാണ് പരാമർശിച്ചത്. എന്നാൽ, കമ്മിറ്റിയുടെ ഭാ?ഗമായതിനാൽ തനിക്ക് കേസ് കേൾക്കാനാകില്ലെന്നും മറ്റൊരു ബെഞ്ചിൽ ലിസ്റ്റ് ചെയ്യാമെന്നും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് അറിയിച്ചു. മുതിന്ന അഭിഭാഷകരായ കപിൽ സിബിൽ, രാകേഷ് ദ്വിവേദി, സിദ്ധാർത്ഥ ലൂത്ര, സിദ്ധാർത്ഥ് ആഗർവാൾ എന്നിവരാണ് കേസ് പരാമർശിച്ചത്.

ഈ വർഷത്തിന്റെ തുടക്കത്തിലാണ് ജസ്റ്റിസ് യശ്വന്ത് വർമയുടെ വസതിയിൽ ഉണ്ടായ തീപിടുത്തത്തിലാണ് കണക്കിൽപ്പെടാത്ത ലക്ഷക്കണക്കിന് തുക കണ്ടെത്തിയത്. സംഭവത്തെ തുടർന്ന് സുപ്രീംകോടതി ആഭ്യന്തര അന്വേഷണം നടത്തിയിരുന്നു. സംഭവത്തിൽ ജസ്റ്റിസ് കുറ്റക്കാരൻ എന്നായിരുന്നു ആഭ്യന്തര സമിതി റിപ്പോർട്ട്. ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ രൂപീകരിച്ച ആഭ്യന്തര സമിതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിലാണ് കണ്ടെത്തൽ. എന്നാൽ, വ്യക്തമായ തെളിവുകളില്ലാതെയാണ് റിപ്പോർട്ട് തയാറാക്കിയതെന്നും തന്റെ വിശദീകരണം കേട്ടില്ലെന്നുമാണ് ഹർജിയിൽ യശ്വന്ത് വർമ ചൂണ്ടിക്കാട്ടുന്നത്.

# മടങ്ങുന്നു, പുന്നപ്രയുടെ സമരനായകൻ

ആലപ്പുഴ: പിറന്ന നാടിന്റെ കണ്ണീർ പൂക്കൾ ഏറ്റുവാങ്ങി വിഎസ് അച്യുതാനന്ദൻറെ മൃതദേഹം പുന്നപ്രയിലെ 'വേലിക്കകത്ത്' വീട്ടിലെത്തിച്ചു. ജനസാഗരത്തിന് നടുവിലൂടെ 22 മണിക്കൂർ നേരമെടുത്താണ് തിരുവനന്തപുരത്ത് നിന്ന് പുന്നപ്രയിലെ വീട്ടിലേക്ക് വിലാപയാത്ര എത്തിയത്. വിഎസിനെ അവസാനമായി ഒരുനോക്ക് കാണാൻ പുന്നപ്രയിലെ വീട്ടിലേക്ക് ആയിരങ്ങളാണ് ഒഴുകിയെത്തിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള നിരവധി പേർ രാവിലെ മുതൽ വീട്ടിലെത്തി കാത്തുനിൽക്കുകയാണ്.

എല്ലാവഴികളും വി എസിലേക്ക് ഒഴുകിയെത്തുന്ന കാഴ്ചക്കാണ് കഴിഞ്ഞ മണിക്കൂറുകളിൽ കേരളം സാക്ഷ്യംവഹിച്ചത്. പേമാരിയേയും സമയത്തെയും അവഗണിച്ച് ആയിരങ്ങളാണ് പ്രിയ നേതാവിനെ കാണാൻ വഴിയരികിൽ ഒഴുകിയെത്തിയത്. വിഎസിൻറെ മൃതദേഹം ഇന്ന് രാവിലെ ഒമ്പത് മണിയോടെ പുന്നപ്രയിലെ വീട്ടിലേക്ക് എത്തുമെന്നായിരുന്നു കരുതിയിരുന്നത്.





എന്നാൽ, നിശ്ചയിച്ച സമയക്രമമെല്ലാം തെറ്റിച്ച് വഴിയിലുടനീളം കാത്തുനിന്ന ജനങ്ങളുടെ വികാരാവേശത്തിൽ വിഎസിന്റെ അന്ത്യയാത്ര മണിക്കൂറുകൾ വൈകി. കനത്ത മഴയെ പോലും അവഗണിച്ച് സ്ത്രീകളും കുട്ടികളും അടക്കം നൂറുകണക്കിന് ആളുകളാണ് പ്രിയസഖാവിനെ ഒരുനോക്കുകാണാനായി വഴിനീളെ കാത്തുനിന്നത്. പിന്നിട്ട സമരവഴികളിലെ വി എസിൻറെ അവസാന യാത്രയിൽ ഒരു നൂറ്റാണ്ടിൻറെ ചരിത്രമാണ് രേഖപ്പെടുത്തിയത്.

വീട്ടിലെ പൊതുദർശനത്തിന് ശേഷം തിരുവമ്പാടിയിലെ സിപിഎം ജില്ലാ കമ്മിറ്റി ഓഫീസിലും ബീച്ച് റിക്രിയേഷൻ ഗ്രൗണ്ടിലും പൊതുദർശനമുണ്ടാവും. സമയക്രമം വൈകിയതിനെ തുടർന്ന് ഡിസിയിലെ പൊതുദർശനം അരമണിക്കൂറായി ചുരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ അടക്കം പ്രമുഖ നേതാക്കൾ ഡിസിയിലെത്തിയിട്ടുണ്ട്. അതേസമയം, സംസ്കാര സമയക്രമത്തിൽ ചെറിയ മാറ്റം വരുത്തേണ്ടി വരുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ അറിയിച്ചു. അഭൂതപൂർവമായ ജനക്കൂട്ടമാണ് വിഎസിനെ അവസാനമായി ഒരു നോക്ക് കാണാൻ കാത്തുനിൽക്കുന്നത്. അതുകൊണ്ടുതന്നെ സംസ്കാരത്തിന്റെ അടക്കമുള്ള സമയക്രമത്തിൽ മാറ്റം ഉണ്ടാകുമെന്ന് എംവി ഗോവിന്ദൻ പറഞ്ഞു.

### വിഎസിൻറെ സ്വന്തം 'വേലിക്കകത്ത്' വീട്

'വെന്തലത്തറയിൽ' എന്നായിരുന്നു വി എസ് ജനിച്ച വീടിന്റെ പേര്. അതാണ് പേരിനൊപ്പം ചേർത്ത 'വി'. ആറ് പതിറ്റാണ്ട് മുമ്പാണ് വി എസിന്റെ ജ്യേഷ്ഠൻ വി എസ് ഗംഗാധരന്റെ വേലിക്കകത്ത് വീടും സ്ഥലവും വാങ്ങുന്നത്. ഗംഗാധരന്റെ മകൻ രാജേന്ദ്രന്റെ പേരിലായിരുന്നു ഇത്. ചെറുപ്പത്തിൽ രാജേന്ദ്രൻ മരിച്ചതോടെയാണ് ഗംഗാധരൻ അനുജൻ വി എസിന് സ്ഥലവും വീടും കൈമാറിയത്. ഇതിനുശേഷം ഇവിടേയ്ക്ക് താമസം മാറ്റി. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നഴ്സായിരുന്ന ഭാര്യ വസുമതിയുടെ യാത്രാസൗകര്യാർഥം ചന്ദനക്കാവിന് സമീപം വാടകവീട്ടിലായിരുന്നു അതുവരെ വി എസ് താമസിച്ചിരുന്നത്. പിന്നീട് വേലിക്കകത്ത് വീട്ടിലേക്ക് താമസം മാറ്റുകയായിരുന്നു.

# മൊഫ്യൂസിൽ ബസ് സ്റ്റാൻഡിൽ വേണം അതീവ ശ്രദ്ധ

## സ്കൂൾ അപകടഭീഷണിയിൽ; ചീഫ് ജസ്റ്റിസിന് കത്തെഴുതി വിദ്യാർഥികളും അധ്യാപകരും

# സ്വമേധയാ കേസെടുത്ത് ഹൈക്കോടതി

ആലപ്പുഴ:കുട്ടനാട്ടിലെ കൈനകരി എസ്എൻഡിപി ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളുടെ പരാതിയിൽ സ്വമേധയാ കേസെടുത്ത് ഹൈക്കോടതി. വെള്ളപ്പൊക്കം കാരണം സ്കൂൾ അപകടഭീഷണിയിലാണെന്ന് ചൂണ്ടിക്കാട്ടി 200 ഓളം വിദ്യാർത്ഥികളും അധ്യാപകരുമാണ് ഹൈക്കോടതിയെ സമീപിച്ചത്.

അധികൃതർക്ക് നിരവധി തവണ ഇടപെടൽ ആവശ്യപ്പെട്ട് പരാതി നൽകിയെങ്കിലും നടപടി സ്വീകരിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് വിദ്യാർഥികൾ ഹൈക്കോടതിയെ സമീപിച്ചത്. ഒന്നരമാസമായി തുടരുന്ന മഴയിൽ മടവീഴ്ചയുണ്ടായി 20 ക്ലാസ് റൂമുകളിൽ വെള്ളം കയറിയെന്നും കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവയും ദൈനംദിന ക്ലാസും പ്രവർത്തിക്കുന്നത് ശേഷിക്കുന്ന നാല് റൂമുകളിലെന്നും കത്തിൽ പറയുന്നു.

വിദ്യാർഥികൾക്കുണ്ടാകുന്ന അപകടസാധ്യതകളിൽ കോടതി കടുത്ത ആശങ്ക പ്രകടിപ്പിച്ചു. വിഷയം ഗൗരവമായി കണ്ട് അടിയന്തര നടപടികൾ സ്വീകരിക്കാൻ ആലപ്പുഴ ജില്ലാ കലക്ടർക്ക് കോടതി നിർദേശം നൽകി.

വിദ്യാഭ്യാസ വകുപ്പ്, കൃഷിവകുപ്പ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പാടശേഖര സമിതി ഉൾപ്പെടെയുള്ളവരുമായി ജില്ലാ കലക്ടർ യോഗം വിളിച്ചു ചേർക്കണം. വസ്തുതാന്വേഷണം നടത്തി അടിയന്തര നടപടികൾ സ്വീകരിക്കാനും ജില്ലാ കലക്ടറോട് കോടതി നിർദേശിച്ചു. വിഷയത്തിൽ അമികസ് കൂറിയെ നിയോഗിക്കാനും ചീഫ് ജസ്റ്റിസ് അടങ്ങിയ ഡിവിഷൻ ബെഞ്ച് തീരുമാനിച്ചു.

ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയെ കക്ഷി ചേർത്ത കോടതി, വസ്തുതാന്വേഷണം നടത്തി വിവരങ്ങൾ കൈമാറാനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചു. മേഖലയിലെ വെള്ളപ്പൊക്ക സാധ്യതയുള്ള മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലടക്കം ജില്ലാകലക്ടർ പരിശോധന നടത്തണം. ഒപ്പം ദീർഘകാലാടിസ്ഥാനത്തിലുള്ള സൗകര്യങ്ങൾ ഒരുക്കാനും കോടതി നിർദേശം നൽകി.

കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാൻഡിന്റെ പടിഞ്ഞാറേ പ്രവേശന ഭാഗത്തെ കാഴ്ച. തീപിടിച്ചു മേൽക്കൂര തകർന്നതിനെത്തുടർന്നു ഇതുവരെ നന്നാക്കാത്തതിനാൽ ചോർന്നൊലിക്കുകയാണ്. ഈ വഴിയിൽ വെള്ളം കെട്ടിക്കിടക്കുന്നതിൽ പോർട്ടർമാരും കടകളിലുള്ളവരും ചേർന്നാണ് ഈ കല്ലുകളെല്ലാം നിരത്തി താൽക്കാലികമായി നടക്കാൻ സൗകര്യമൊരുക്കിയത്. ചിത്രങ്ങൾ : മനോരമ

കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാൻഡിന്റെ പടിഞ്ഞാറേ പ്രവേശന ഭാഗത്തെ കാഴ്ച. തീപിടിച്ചു മേൽക്കൂര തകർന്നതിനെത്തുടർന്നു ഇതുവരെ നന്നാക്കാത്തതിനാൽ ചോർന്നൊലിക്കുകയാണ്. ഈ വഴിയിൽ വെള്ളം കെട്ടിക്കിടക്കുന്നതിൽ പോർട്ടർമാരും കടകളിലുള്ളവരും ചേർന്നാണ് ഈ കല്ലുകളെല്ലാം നിരത്തി താൽക്കാലികമായി നടക്കാൻ സൗകര്യമൊരുക്കിയത്.



മൊഫ്യൂസിൽ ബസ് സ്റ്റാൻഡിലൂടെ നടക്കുമ്പോഴും ഇരിപ്പിടങ്ങളിൽ ഇരിക്കുമ്പോഴും വേണം അതീവ ശ്രദ്ധ. പല ഭാഗത്തും പൂട്ടുകട്ടകൾ ഇളകി. ചില ഭാഗത്ത് വലിയ കുഴികളും. ആൾനൂഴിയോട് ചേർന്ന് സ്ലാബ് ഇളകി കിടക്കുന്ന സ്ഥലത്തു വരെ പൂട്ടുകട്ടകൾ പൊളിഞ്ഞു കിടക്കുന്നു. യാത്രക്കാർ ഇവിടെ വീണു പരുക്കേൽക്കുന്നതു പതിവാണെന്നു ചുമട്ടു തൊഴിലാളികൾ പറഞ്ഞു.

കഴിഞ്ഞ ദിവസം ഒരു സ്ത്രീയുടെ കാൽ സ്ലാബിനുള്ളിൽ കുടുങ്ങി. ഇരിപ്പിടങ്ങളിൽ പല ഭാഗത്തും കമ്പി മാത്രമാണുള്ളത്. ഇതിനു മുകളിൽ ഉറപ്പിച്ച കസേരകൾ പലതും ഇളകി പോയി. ചിലതെല്ലാം വീണു കിടക്കുന്നു. കസേര ഇളകി പോയ ഭാഗത്ത് അതു ഘടിപ്പിച്ച കമ്പി മാത്രമാണ് അവശേഷിക്കുന്നത്. അതിനാൽ ശ്രദ്ധിക്കാതെ ഇരുന്നാൽ ദേഹത്ത് കമ്പി തുളച്ചു കയറാനുള്ള സാധ്യത ഏറെയാണ്.

മേൽക്കൂരയിൽ ഷീറ്റ് ഇല്ലാത്തതിനാലും കോൺക്രീറ്റ് തകർന്നതിനാലും ചോർച്ചയും പതിവാണ്. അതിനാൽ മഴക്കാലത്ത് ഇതിലെ നടക്കുമ്പോൾ കുട ചൂടുന്നതും നല്ലതാണ്. പടിഞ്ഞാറു ഭാഗത്തെ പ്രവേശന കവാടത്തിൽ വെള്ളക്കെട്ടാണ്. ഇവിടെ പൂട്ടുകട്ടകൾ ഉൾപ്പെടെ നിരത്തി അതിൽ ചവിട്ടിയാണു യാത്രക്കാർ പോകുന്നത്.

തലയിൽ ചുമടുമായി ചുമട്ടു തൊഴിലാളികളും ഇതിലെയാണു പോകുന്നത്. കാൽ തെന്നിയാൽ അപകടത്തിൽ പെടാനുള്ള സാധ്യതയും ഏറെയാണ്.ഇരിപ്പിടങ്ങളിൽ ചിലതു തകർന്നു അപകടകരമായ രീതിയിൽ കമ്പികൾ തള്ളിനിൽക്കുന്നു.തീ പിടിച്ച ഭാഗത്ത് മുകളിലെയും വശത്തെയും ഇരുമ്പു ഷീറ്റുകളും കമ്പികളും ഉൾപ്പെടെ മാറ്റാതെ കിടക്കുന്നതിനാൽ ശക്തമായ കാറ്റടിച്ചാൽ തെറിച്ചു വീഴാനുള്ള സാധ്യതയുണ്ടെന്നും യാത്രക്കാർ പറഞ്ഞു.

ബസ് സ്റ്റാൻഡിൽ പടിഞ്ഞാറു ബാലുശ്ശേരി, അന്നശ്ശേരി ബസുകൾ നിർത്തുന്ന ഭാഗത്തെ നടപ്പാതയിലെ ടൈലുകൾ തകർന്നു കിടക്കുന്നു.

ബസ് സ്റ്റാൻഡിൽ പടിഞ്ഞാറു ബാലുശ്ശേരി, അന്നശ്ശേരി ബസുകൾ നിർത്തുന്ന ഭാഗത്തെ നടപ്പാതയിലെ ടൈലുകൾ തകർന്നു കിടക്കുന്നു.



യൂത്ത് കോൺഗ്രസ് ജില്ലാ നേതൃസംഗമം 'സത്യസേവാ സംഘർഷ്' രാഹുൽ മാങ്കൂട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു

# യൂത്ത് കോൺഗ്രസ് ജില്ലാ നേതൃസംഗമം

കണ്ണൂർ : സ്വന്തംപാർട്ടിയിലെ നേതാക്കളുടെ മരണംപോലും രാഷ്ട്രീയ പ്രാചരണ ആയുധമാക്കുന്ന കഴുകൻ കണ്ണുള്ള നേതാക്കളാണ് ഇന്ന് സിപിഎമ്മിനുള്ളതെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് രാഹുൽ മങ്കൂട്ടത്തിൽ. വി.എസ്. അച്യുതാനന്ദന്റെ മൃതശരീരത്തിനരികിൽ കൂടിനിൽക്കുന്ന പ്രവർത്തകരുടെ ഫോട്ടോ സാമൂഹികമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തുകൊണ്ട് 'പവർ' എന്ന് തലക്കെട്ട് കൊടുക്കുന്ന എ.എ. റഹീമിനെപോലുള്ള രാജ്യസഭാംഗങ്ങളുടെത് ക്രൂരമായ മാനസികാവസ്ഥയാണെന്നും രാഹുൽ കുറ്റപ്പെടുത്തി. യൂത്ത് കോൺഗ്രസ് ജില്ലാ കമ്മറ്റി സംഘടിപ്പിച്ച സത്യസേവാ സംഘർഷ് ജില്ലാ നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സി. സദാനന്ദന്റെ രാജ്യസഭാംഗത്വത്തെയും അദ്ദേഹം കുറ്റപ്പെടുത്തി. അക്രമരാഷ്ട്രീയത്തിനെതിരായ നോമിനേഷൻ എന്നാണ് സദാനന്ദൻ മാസ്റ്ററുടെ നോമിനേഷനെ ബിജെപി ന്യായീകരിക്കുന്നത്. ഇതിലൂടെ എന്ത് സന്ദേശമാണ് ബിജെപി നൽകുന്നത്, അങ്ങനെയൊരു ഉദ്ദേശ്യമാണ് ബിജെപിക്കുള്ളതെങ്കിൽ കണ്ണൂരിൽ ബോംബ് പൊട്ടി കാലുനഷ്ടപെട്ട ഡോ. അസ്നയെ ആയിരുന്നു നോമിനേറ്റ് ചെയ്യേണ്ടിയിരുന്നത്. സിപിഎമ്മിന്റെ ഒട്ടേറെ പ്രവർത്തകർ കൊല്ലപ്പെടാൻ ഇടയാക്കിയ വ്യക്തി രാജ്യസഭാംഗമാകുമ്പോൾ അയാളെ അഭിനന്ദിക്കാൻ പോയ ജോൺ ബ്രിട്ടാസ് എംപയിയുടെ മാനസികനില എന്താണ്, സഹപ്രവർത്തകർക്ക് സിപിഎം എന്ത് വിലയാണ് കൊടുക്കുന്നതെന്നും അദ്ദേഹം ചോദിച്ചു.യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് വിജിൽ മോഹനൻ അധ്യക്ഷത വഹിച്ചു. ഡിസിസി പ്രസിഡന്റ് മാർട്ടിൻ ജോർജ്, കെപസിസി അംഗം റിജിൽ മാക്കുറ്റി, മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ശ്രീജ മഠത്തിൽ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ അബിൻ വർക്കി, വി.കെ. ഷിബിന, ഒ.ജെ. ജനീഷ്, അനുതാജ്, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ജോമോൻ ജോസ്, മുഹമ്മദ് പാറയിൽ, വി. രാഹുൽ, വി.പി. അബ്ദുൽ റഷീദ്, നിമിഷ വിപിൻദാസ് എന്നിവർ സംസാരിച്ചു.

# 'അമൃതം കർക്കിടകം' പരമ്പരാഗത ഭക്ഷ്യ മേളയ്ക്ക് കണ്ണൂർ കളക്ട്രേറ്റിൽ തുടക്കം

കണ്ണൂർ: കർക്കിടക മാസത്തിലെ ആരോഗ്യ സംരക്ഷണത്തിനായ് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അമൃതം കർക്കിടകം പരമ്പരാഗത ഭക്ഷ്യ മേളക്ക് കണ്ണൂർ കളക്ട്രേറ്റിൽ തുടക്കമായി. ആരോഗ്യ സംരക്ഷണത്തിനായി ആയുർവേദ ചികിത്സയിലേക്ക് ജനങ്ങൾ തിരിയുന്ന ഈ കാലത്ത് ആയുർവേദ ചികിത്സപ്രകാരം ആരോഗ്യ സംരക്ഷണത്തിനുള്ള ഏറ്റവും മികച്ച മാർഗമായ കർക്കിടക കഞ്ഞി ആണ് ഭക്ഷ്യ മേളയിലെ ഹൈലൈറ്റ് വിഭവം.

കർക്കിടക കഞ്ഞിയിൽ അടങ്ങിയിരിക്കുന്ന ഔഷധ സസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ധാന്യങ്ങൾ എന്നിവയുടെ സംയോജനമാണ് മഴക്കാല രോഗങ്ങൾ പിടിപെടാതെ ശരീരത്തിന് രോഗപ്രതിരോധശേഷി നൽകുന്നത്. കർക്കിടക കഞ്ഞിയോടൊപ്പം തൈര്, പച്ച മുളക്, ഇഞ്ചി ചമ്മന്തി, ഉലുവ പച്ചടി, ചെറുപയർ തോരൻ, ചെറുധാന്യ വിഭവങ്ങൾ എന്നിവയും ലഭിക്കും.



രോഗപ്രതിരോധ ശേഷി വർധിപ്പിക്കുക, ഊർജം നിലനിർത്തുക, ദഹനം സുഗമമാക്കുക, ശരീരത്തിൽ അടിഞ്ഞു കൂടിയ വിഷം പുറന്തള്ളുക, ഉയർന്ന കൊളസ്ട്രോളും, കൊഴുപ്പും നിർവീര്യമാക്കുക, രക്തം ശുദ്ധീകരിക്കുക, വയർ ശുദ്ധീകരിക്കുക, പോഷകങ്ങളുടെ ആഗിരണം വർധിപ്പിക്കുക എനിങ്ങനെ നിരവധി ഗുണങ്ങൾ ആണ് കർക്കിടക കഞ്ഞി പ്രധാനം ചെയ്യുന്നത്.

ഭക്ഷ്യമേളയുടെ ജില്ലാ തല ഉത്ഘാടനം കണ്ണൂർ ജില്ലാ കളക്ടർ അരുൺ കെ വിജയൻ നിർവഹിച്ചു.

# എലിപ്പനി മരണം കൂടുന്നു, വേണം ജാഗ്രത

കോഴിക്കോട്: ജില്ലയിൽ എലിപ്പനി മരണം കൂടിയതോടെ ജാഗ്രത നിർദ്ദേശവുമായി ആരോഗ്യ വകുപ്പ്. ഈ മാസം ഇതുവരെ നാലുപേർ മരിച്ചതായാണ് ആരോഗ്യ വകുപ്പിന്റെ കണക്കുകൾ. കാരശ്ശേരി, തിരുവങ്ങൂർ, പെരുമണ്ണ, ചാലിയം സ്വദേശികളാണ് മരിച്ചത്. 10 പേർക്ക് എലിപ്പനി സ്ഥിരീകരിച്ചു. നിരവധി പേർ രോഗലക്ഷണങ്ങളോടെ സർക്കാർ- സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടി.

മലയോര പ്രദേശങ്ങളിലാണ് രോഗ ലക്ഷണം കൂടുതലായി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇത്തവണ മഴക്കാല പൂർവശുചീകരണം വൈകിയതാണ് എലിപ്പനി പടരാൻ ഇടയാക്കിയതെന്നാണ് ഉയരുന്ന ആരോപണം. മഞ്ഞപ്പിത്തം, ഡെങ്കിപ്പനി, മലേറിയ, ചിക്കൻ പോക്സ് എന്നിവ ബാധിച്ച് ചികിത്സ നേടുന്നവരും ഏറിവരികയാണ്. ഇടവിട്ടുള്ള മഴ സാംക്രമിക രോഗങ്ങൾ പടരാൻ ഇടയാക്കിയെന്നാണ് ആരോഗ്യ വിദഗ്ദ്ധർ പറയുന്നത്. ഈ മാസം 18 വരെ 192 പേരാണ് മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സ തേടിയത്. ഒരു മരണവും ഉണ്ടായി. 108 പേർ ഡെങ്കിപ്പനിയ്ക്ക് ചികിത്സ തേടി.

## വൈറലായി വൈറൽ പനി

ഈ മാസം 18 വരെ സർക്കാർ ആശുപത്രികളിൽ മാത്രം പനി ബാധിച്ച് ചികിത്സ തേടിയത് 14,768 പേരാണ്. സ്വകാര്യ ആശുപത്രികളിലും



ക്ലിനിക്കുകളിലും എത്തുന്നവരുടെ കണക്കെടുത്താൽ ഇതിലും കൂടും. ശരാശരി 1000ലധികം പേർ പനി ലക്ഷണങ്ങളോടെ ആശുപത്രിയിലെത്തുന്നുണ്ട്. പനി, ശരീര വേദന, തലവേദന, ഛർദ്ദി, വയറിളക്കം, തലചുറ്റൽ തുടങ്ങിയ ലക്ഷണങ്ങളുമായാണ് പലരും ആശുപത്രികളിലെത്തുന്നത്. ഇതിൽ തന്നെ വൈറൽ പനിയാണ് പലർക്കും. പനി കേസുകൾ വർദ്ധിച്ചതോടെ സർക്കാർ സ്വകാര്യ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും മെഡിസിൻ വാർഡുകൾ പനി ബാധിതരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്.

## എലിപ്പനി

- മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ജന്തുജന്യരോഗം
- ലെപ്റ്റോസ്പൈറ ബാക്ടീരിയയാണ് എലിപ്പനി പകരുന്നത്.
- എലി, നായ, കന്നുകാലികൾ മുതലായവയുടെ മൂത്രം വഴി ഈ ബാക്ടീരിയ മനുഷ്യശരീരത്തിലെ മുറിവുകളിലൂടെയോ കണ്ണുകളിലൂടെയോ ശരീരത്തിൽ പ്രവേശിച്ചാണ് രോഗബാധയുണ്ടാക്കുന്നത്

## പ്രതിരോധം

- ഓടകൾ, കുളങ്ങൾ, വെള്ളക്കെട്ടുകൾ എന്നിവിടങ്ങളിൽ കൈയുറ, കാലുറ തുടങ്ങിയവ ധരിക്കാതെ ജോലി ചെയ്യുന്നവർ ആഴ്ചയിൽ ഒരിക്കൽ ഭക്ഷണശേഷം 100 മില്ലിഗ്രാം 2 ഡോഗ്സി സൈക്ലിൻ കഴിക്കണം
- കന്നുകാലികളെ കുളിപ്പിക്കുന്ന തോട് ,കുളം, മറ്റു ജലാശയങ്ങൾ എന്നിവിടങ്ങളിൽ കുളിക്കുകയോ മുഖം, വായ, കൈകാലുകൾ എന്നിവ കഴുകുകയോ ചെയ്യരുത്.
- മൃഗങ്ങളുടെ വിസർജ്യങ്ങളുമായി സമ്പർക്കം ഉണ്ടാകാതെ ശ്രദ്ധിക്കണം
- ഭക്ഷണ അവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും അലക്ഷ്യമായി വലിച്ചെറിയുകയോ കൂട്ടിയിടുകയോ ചെയ്യരുത്
- കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ഇറങ്ങരുത്

# ഒരു ലക്ഷം എക്സിറ്റ് പെർമിറ്റുകൾ നൽകി, ദുരുപയോഗം രേഖപ്പെടുത്തിയിട്ടില്ല: കുവൈത്ത് പബ്ലിക് അതോറിറ്റി ഫോർ മാൻപവർ

കുവൈത്ത് സിറ്റി: രാജ്യത്ത് എക്സിറ്റ് പെർമിറ്റ് നടപ്പിലാക്കിയതിനുശേഷം ദുരുപയോഗ കേസുകൾ രേഖപ്പെടുത്തിയിട്ടില്ലെന്നും ഇതുവരെ 1,00000-ത്തിലധികം ഇലക്ട്രോണിക് എക്സിറ്റ് പെർമിറ്റുകൾ നൽകിയിട്ടുണ്ടെന്നും പബ്ലിക് അതോറിറ്റി ഫോർ മാൻപവറിലെ (പിഎഎം) പബ്ലിക് റിലേഷൻസ് ആൻഡ് മീഡിയ ഡിപ്പാർട്ട്മെന്റിന്റെ ആക്ടിംഗ് ഡയറക്ടർ മുഹമ്മദ് അൽമുസൈനി.

ദുരുപയോഗ കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനത്തെക്കുറിച്ചും അദ്ദേഹം അറിയിച്ചു. ഗവർണറേറ്റുകളിലെ കേന്ദ്രങ്ങൾ വഴി തൊഴിലാളിയിൽ നിന്നോ തൊഴിലുടമയിൽ നിന്നോ അതോറിറ്റിക്ക് പരാതികൾ ലഭിച്ചാൽ അവ ഉടനടി പരിഹരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

സ്വകാര്യ മേഖലയിലെ പ്രവാസി തൊഴിലാളികൾ രാജ്യത്ത് നിന്ന് പുറത്തുപോകുന്നതിന് മുമ്പ് അവരുടെ തൊഴിലുടമകളിൽ നിന്ന് എക്സിറ്റ് പെർമിറ്റ് നേടണമെന്ന് ഈയിടെയാണ് കുവൈത്ത് നിയമം കൊണ്ടുവന്നത്.

തൊഴിലാളിയുടെയും തൊഴിലുടമയുടെയും സാമ്പത്തിക, നിയമ, ഭരണപരമായ അവകാശങ്ങളും കടമകളും തീർപ്പാക്കുകയാണ് തീരുമാനത്തിന്റെ ഉദ്ദേശ്യമെന്ന് അൽമുസൈനി വ്യക്തമാക്കി. ധാരാളം തൊഴിലാളികളുള്ള ബിസിനസ്സ് ഉടമകൾക്ക് തീരുമാനം സഹായകരമാണെന്നും അവരുടെ സ്വത്തുക്കളുടെ സംരക്ഷണം ഉറപ്പാക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തൊഴിലുടമ ന്യായീകരണമില്ലാതെ എക്സിറ്റ് പെർമിറ്റ് നൽകാൻ വിസമ്മതിച്ചാൽ പ്രവാസികൾക്ക് പരാതികൾ നൽകാൻ സംവിധാനം ഒരുക്കാൻ പിഎഎമ്മിന് ഒന്നാം ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായ ശൈഖ് ഫഹദ് യൂസഫ് അസ്സബാഹ് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

# ശബരിമല പഞ്ചലോഹ വിഗ്രഹം കേസ് നിസാരമായി കാണാനാകില്ലെന്ന് ഹൈക്കോടതി

പത്തനംതിട്ട: ശബരിമല പഞ്ചലോഹ വിഗ്രഹം കേസ് നിസാരമായി കാണാനാകില്ലെന്ന് ഹൈക്കോടതി.

വിഗ്രഹം സ്ഥാപിക്കാൻ അനുമതി നൽകിയ ഫയലുകൾ ഹാജരാകാൻ ദേവസ്വം ബോർഡ് സെക്രട്ടറിക്ക് നിർദേശം നൽകി. പണപ്പിരിവിനെതിരെ ദേവസ്വം ബോർഡ് പൊലീസിൽ പരാതി നൽകിയിട്ടുണ്ടോ എന്നും കോടതി ചോദിച്ചു.

കേസ് റജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ ചീഫ് പൊലീസ് ഓഫീസർക്ക് കോടതി നിർദേശം. പണപ്പിരിവ്, അക്കൗണ്ടിലേക്ക് വന്ന തുക, പിൻവലിച്ച തുക എന്നിവ സംബന്ധിച്ച് അന്വേഷിക്കണം. പണപ്പിരിവ് നടത്തിയ തമിഴ്നാട് സ്വദേശി കോടതിയിൽ ഹാജരാകണമെന്ന് ദേവസ്വം ബെഞ്ച്. നോട്ടീസിന് മറുപടി നൽകിയില്ലെന്നും കോടതി വിമർശനം. പുതിയ നോട്ടീസ് അയക്കാൻ റജിസ്ട്രിക്ക് നിർദേശം. കേസെടുത്തു എന്ന് പൊലീസ് ഉറപ്പാക്കണമെന്നും ഹൈക്കോടതി.



അഹമദ് ദേവർകോവിൽ ശോഭ അബൂബക്കർ ഹാജി തുടങ്ങിയവർ ഉസ്താദിനെ സന്ദർശിച്ചപ്പോൾ

# കാന്തപുരത്തിന്റെ ഇടപെടൽ മതേതര കേരളത്തിന്റെ പൈതൃകം "അഹമദ് ദേവികോവിൽ

നിമിഷ പ്രിയയുടെ വധശിക്ഷ നടപ്പാക്കുന്നത് നീട്ടിവെച്ചതിൽ ബഹുമാനപ്പെട്ട എ.പി. അബൂബക്കർ മുസ്ലിയാരുടെ ഇടപെടൽ ഇന്ത്യൻ മതേതര സമൂഹത്തിനും ലോക മലയാളികൾക്കും പ്രതീക്ഷയും പ്രത്യാശയും നൽകുന്നുവെന്ന് ഐ.എൻ.എൽ. സംസ്ഥാന പ്രസിഡന്റ് അഹമ്മദ് ദേവർ കോവിൽ എം.എൽ.എ. അഭിപ്രായപ്പെട്ടു. മർക്കസ് ആസ്ഥാനത്ത് ഉസ്താദിനെ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന ഭാരവാഹികളായ ശോഭ അബൂബക്കർ,

ഹാജി,സി.എച്ച്. ഹമീദ് മാസ്റ്റർ. സമദ് നരിപ്പറ്റ, അബൂബക്കർ ഹാജി ടി പി എന്നിവരും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.ഒരു നിയോഗം പോലെ വിഷയത്തിൽ ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി പ്രവർത്തിച്ച ഉസ്താദിനെ അദ്ദേഹം അഭിനന്ദിക്കുകയും ആശംസിക്കുകയും ചെയ്തു.

# കുറ്റിപ്പുറം അമാന ആശുപത്രിയിലെ നഴ്സിന്റെ ആത്മഹത്യ; മുൻ ജനറൽ മാനേജർ അറസ്റ്റിൽ

മലപ്പുറം: കുറ്റിപ്പുറം അമാന ആശുപത്രിയിലെ നഴ്സ് ആത്മഹത്യ ചെയ്ത സംഭവത്തിൽ ആശുപത്രിയിലെ മുൻ ജനറൽ മാനേജറെ അറസ്റ്റ് ചെയ്തു.

മുൻ ജനറൽ മാനേജർ എൻ.അബ്ദുറഹ്മാനെയാണ് അറസ്റ്റ് ചെയ്തത്. ഇയാളുടെ മാനസികപീഡനമാണ് ആത്മഹത്യ ചെയ്യാൻ കാരണമെന്ന് ആരോപണമുണ്ടായിരുന്നു. ചൊവ്വാഴ്ച രാത്രിയാണ് അറസ്റ്റ് ചെയ്തത്.

കോതമംഗലം സ്വദേശി 20കാരിയായ അമീനയാണ് ജീവനൊടുക്കിയത്.

ഗുളികകൾ കഴിച്ച് അബോധാവസ്ഥയിലായ അമീനയെ പ്രാഥമിക ചികിത്സയ്ക്കു ശേഷം കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു. കൂടെ ജോലി ചെയ്തിരുന്നവരാണ് മുൻ ജനറൽ മാനേജറുടെ മാനസിക പീഡനമാണ് മരണകാരണമെന്ന ആരോപണവുമായി രംഗത്തുവന്നത്. പരാതി ഉയർന്നതോടെ ആശുപത്രി ഇടപെട്ട് അബ്ദുറഹ്മാനെ പിരിച്ചുവിട്ടിരുന്നു.

# ചെറുവത്തൂരിൽ വീരമലക്കുന്ന് ഇടിഞ്ഞുവീണു; ഗതാഗതം വഴിതിരിച്ചുവിട്ടു

കാസർകോട്: നിർമാണം പുരോഗമിക്കുന്ന ദേശീയപാത 66 ന് സമീപം വീണ്ടും മണ്ണിടിച്ചിൽ. കാസർകോട് ചെറുവത്തൂർ മയിച്ച വീരമലക്കുന്നിലാണ് മണ്ണിടിച്ചിൽ. ജില്ലയിൽ ശക്തമായ മഴ തുടരുന്നതിനിടെയാണ് മണ്ണിടിച്ചിൽ. ഈ മേഖലയിൽ ഗതാഗതം വഴിതിരിച്ചുവിട്ടു. ബുധനാഴ്ച രാവിലെയാണ് വീരമലക്കുന്നിൽ നിന്ന് വൻതോതിൽ മണ്ണ് ഇടിഞ്ഞ് ദേശീയപാതയിലേക്ക് പതിച്ചത്. വാഹനങ്ങൾ കടന്നുപോകുന്നതിനിടെ ആയിരുന്നു മണ്ണിടിച്ചിൽ. കുന്നിടിയുന്ന സമയത്ത് ഇതുവഴി പോവുകയായിരുന്ന ഒരു കാറിലെ യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നവെന്ന് നാട്ടുകാർ പറയുന്നു.

മണ്ണുമാന്തിയന്ത്രവും ക്രയിനും ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നുണ്ട്. മണ്ണിടിച്ചിൽ ഉണ്ടായതിനാൽ അടിയന്തിര നടപടി സ്വീകരിക്കാൻ ജില്ലാ കലക്ടർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് നിർദേശം നൽകി. എൻ ഡി ആർ എഫ്, ഫയർഫോഴ്സ് സംഘങ്ങൾക്കും സ്ഥലത്ത് എത്താൻ നിർദേശമുണ്ട്. ഹൊസ്ദുർഗ് തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർ സ്ഥലത്തെത്തിയിട്ടുണ്ട്.ഒരു മാസം മുൻപും വീരമല കുന്നിൽ മണ്ണിടിച്ചിൽ ഉണ്ടായിരുന്നു. അന്ന് മണ്ണിനടിയിൽപ്പെട്ട ഒരു തൊഴിലാളി പരിക്കുകളോടെ രക്ഷപ്പെടുകയായിരുന്നു. റോഡ് നിർമ്മാണത്തിനായി അശാസ്ത്രീയമായാണ് വീരമല കുന്ന് കരാർ കമ്പനിയായ മേഘ ഇടിച്ചതെന്ന് കളക്ടറുടെ സാന്നിധ്യത്തിൽ നടത്തിയ ഡ്രോൺ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ഇവിടെ നിന്ന് വ്യാപകമായി മണ്ണ് കടത്തിയതിന് കമ്പനിക്കെതിരെ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

# പ്രവാസികൾക്ക് പകരം സ്വദേശികൾ: ഗവൺമെൻറ് കരാർ ജോലികളിൽ കുവൈത്ത്വത്കരണം തുടരുന്നു

കുവൈത്ത് സിറ്റി: കുവൈത്തിലെ ഗവൺമെൻറ് കരാറുകൾക്ക് കീഴിലുള്ള ജോലികൾ കുവൈത്ത്വത്കരണം തുടരുന്നതായി പബ്ലിക് അതോറിറ്റി ഫോർ മാൻപവറിലെ (പിഎഎം) പബ്ലിക് റിലേഷൻസ് ആൻഡ് മീഡിയ ഡിപ്പാർട്ട്മെന്റിന്റെ ആക്ടിംഗ് ഡയറക്ടർ മുഹമ്മദ് അൽമുസൈനി. വൈദ്യുതി, ജലം, പൊതുമരാമത്ത്, ആരോഗ്യം തുടങ്ങിയ പൊതു സ്ഥാപനങ്ങളിലെ കരാറുകൾ കുവൈത്ത്വത്കരിക്കുന്നതിന് പിഎഎം മന്ത്രാലയങ്ങളുമായി ചേർന്നു പ്രവർത്തിക്കുകയാണെന്ന് അൽമുസൈനി വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

ആരോഗ്യ മന്ത്രാലയവുമായി ചേർന്നുള്ള ആദ്യ ഘട്ടം പൂർത്തിയായതായി സ്ഥിരീകരിച്ച അദ്ദേഹം പൊതുമരാമത്ത് മന്ത്രാലയവുമായി ബോധവൽക്കരണ പരിപാടികളും അഭിമുഖങ്ങളും ആരംഭിച്ചതായും അറിയിച്ചു. അപേക്ഷകൾ തരംതിരിച്ചു വരികയാണെന്നും തൊഴിൽ വിപണിയിൽ സന്തുലിതാവസ്ഥ കൈവരിക്കാനുള്ള ദേശീയ നയത്തിന് അനുസൃതമായി അതോറിറ്റി പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഗവൺമെൻറ് കരാറുകളിലെ കുവൈത്ത്വത്കരണ പരിപാടി സ്വദേശി യുവാക്കളെ ഗവൺമെൻറ് ജോലിയെ പൂർണമായും ആശ്രയിക്കാതെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യാൻ പ്രോത്സാഹിപ്പിക്കാനുള്ളതാണെന്നും അദ്ദേഹം വിശദീകരിച്ചു. അതോറിറ്റി കമ്പനികൾക്ക് ദേശീയ ലേബർ ക്വാട്ട ബാധകമാക്കുകയും യൂണിയൻ ഓഫ് ബാങ്ക്സ്, ബാങ്കുകൾ, ടെലികമ്മ്യൂണിക്കേഷൻ കമ്പനികൾ എന്നിവയുടെ പങ്കാളിത്തത്തോടെ തൊഴിൽ മേളകൾ നടത്തുകയും ചെയ്യുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കുവൈത്തികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകാനായി ആരോഗ്യ, ഹോട്ടൽ മേഖലകളെ കുവൈത്ത്വത്രിക്കൽ അതോറിറ്റി ആരംഭിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചില കമ്പനികൾ നിർദ്ദിഷ്ട ക്വാട്ടകൾ കവിഞ്ഞതായും 40 ശതമാനം കുവൈത്തികളെ ജോലിക്കെടുത്തതായും അദ്ദേഹം പറഞ്ഞു.

# ഫാറ്റി ലിവർ: ഈ അപകടസൂചനകളെ അവഗണിക്കരുത്, ജീവന് ഭീഷണിയാകാം

കരളിൽ അമിതമായി കൊഴുപ്പ് അടിഞ്ഞുകൂടുന്ന അവസ്ഥയാണ് ഫാറ്റി ലിവർ അഥവാ ഹെപ്പാറ്റിക് സ്റ്റീറ്റോസിസ്. പലപ്പോഴും നിശ്ശബ്ദ കൊലയാളി എന്ന് വിശേഷിപ്പിക്കാറുള്ള ഫാറ്റി ലിവറിന്റെ അപകടസൂചനകളെ പലരും അവഗണിക്കാറാണ് പതിവ്. ഇത് ഇൻഫ്ലമേഷൻ ഫൈബ്രോസിസ്, സിറോസിസ് തുടങ്ങിയ ഗുരുതരമായ സങ്കീർണതകളിലേക്ക് നയിക്കും. ഫാറ്റി ലിവർ ശരീരത്തെ എങ്ങനെ ബാധിക്കുന്നു എന്നും ഇതിന്റെ അപകടസൂചനകളും അറിയാം. ഉപാപചയപ്രവർത്തനം, ദഹനം, പോഷകങ്ങളുടെ സംഭരണം, വിഷാംശങ്ങളെ നീക്കൽ തുടങ്ങി അഞ്ഞൂറിലധികം പ്രവർത്തനങ്ങൾ നടത്തുന്ന ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരവയവമാണ് കരൾ. കരൾ ശരിയായി പ്രവർത്തിക്കാതിരുന്നാൽ അത് ശരീരത്തിൽ ചില ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും.

## കടുത്ത ക്ഷീണവും തളർച്ചയും

കരൾ ശരിയായി പ്രവർത്തിക്കുന്നില്ലെങ്കിൽ തുടർച്ചയായ ക്ഷീണം ഉണ്ടാകും. കരളിൽ അധികമായി കൊഴുപ്പ് അടിഞ്ഞുകൂടുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കൊഴുപ്പ് അമിതമാകുമ്പോൾ പോഷകങ്ങളെ ഊർജമാക്കി മാറ്റാനുള്ള കഴിവു കുറയും. ഇതാണ് ക്ഷീണത്തിലേക്കും തളർച്ചയിലേക്കും നയിക്കുന്നത്.

## വയറുവേദനയും അസ്വസ്ഥതയും

വയറിനുണ്ടാകുന്ന അസാധാരണമായ വേദന കരളിന്റെ ആരോഗ്യം അപകടത്തിലാണ് എന്നതിന്റെ സൂചനയാകാം. കരളിൽ കൊഴുപ്പ് അടിഞ്ഞു കൂടുമ്പോൾ കരളിന്റെ വലുപ്പം കൂടി വീക്കം ഉണ്ടാകുന്ന അവസ്ഥ വരും. ഈ അവസ്ഥ വേദനയ്ക്കും അസ്വസ്ഥതയ്ക്കും കാരണമാകും.



## അകാരണമായി ശരീരഭാരം കൂടുക

ശരീരഭാരം അകാരണമായി കൂടുകയും ഭാരം കുറയ്ക്കുന്നത് പ്രയാസകരമായിത്തീരുകയും ചെയ്യുന്നത് ഫാറ്റി ലിവർ രോഗത്തിന്റെ ലക്ഷണമാകാം. കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ശരീരത്തിന്റെ ഉപാപചയപ്രവർത്തനത്തെ പ്രത്യേകിച്ച് കൊഴുപ്പിന്റെയും പഞ്ചസാരയുടെയും സംസ്കരണത്തെ ഫാറ്റിലിവർ തടസ്സപ്പെടുത്തുന്നു. ഇതുമൂലം വളരെ പെട്ടെന്ന് ശരീരഭാരം കൂടും. എളുപ്പത്തിലൊന്നും ഈ ഭാരം കുറയ്ക്കാനും സാധിക്കില്ല.

## ചർമത്തിനും

## കണ്ണുകൾക്കും മഞ്ഞനിറം


കരൾ ശരിയായി പ്രവർത്തിക്കാതാകുമ്പോൾ മഞ്ഞപ്പിത്തത്തിന്റേതു പോലുള്ള ലക്ഷണങ്ങൾ പ്രകടമാകും. ചർമത്തിനും കണ്ണിന്റെ വെള്ളത്തിനും മഞ്ഞനിറം വരും. കരൾ അപകടത്തിലാവുമ്പോൾ അതിന് ബിലിറൂബിനെ ശരിയായ രീതിയിൽ പ്രോസസ്സ് ചെയ്യാൻ സാധിക്കാതെ വരുകയും ഇത് ശരീരത്തിൽ അടിഞ്ഞുകൂടി മഞ്ഞപ്പിത്തം ഉണ്ടാക്കുകയും ചെയ്യും.

## കാലിനും കാൽപാദങ്ങൾക്കും വീക്കം

ഫാറ്റി ലിവർ രോഗത്തിന്റെ ഒരു അപകടസൂചനയാണ് കാലിനും കാൽപാദങ്ങൾക്കും വീക്കം ഉണ്ടാകുന്നത്. കൊഴുപ്പ് അടിഞ്ഞുകൂടുന്നതു മൂലം കരൾ ശരിയായി പ്രവർത്തിക്കാത്തതു മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. കരളിൽ കൂടുതൽ കൊഴുപ്പുണ്ടാകുമ്പോൾ പ്രോട്ടീൻ ഉൽപാദിപ്പിക്കാനുള്ള (പ്രത്യേകിച്ച് ആൽബുമിൻ) കഴിവ് തടസ്സപ്പെടാനും ഇത് ശരീരത്തിലെ ഫ്ലൂയ്ഡിന്റെ അസന്തുലനത്തിലേക്ക് നയിക്കുകയും വീക്കം ഉണ്ടാക്കുകയും ചെയ്യും.

മൂഡ് സ്വിങ്ങ്സ്

ഫാറ്റിലിവർ രോഗം അവസാനഘട്ടമെത്തുമ്പോഴേക്കും പ്രത്യേകിച്ച് അത് നോൺ ആൽക്കഹോളിക് സ്റ്റീറ്റോഹെപ്പറ്റൈറ്റിസ് അല്ലെങ്കിൽ സീറോസിസ് ആകുമ്പോൾ വിഷാംശങ്ങൾ (ടോക്സിൻ) തലച്ചോറിൽ അടിഞ്ഞുകൂടാൻ തുടങ്ങും. ഇത് ഹെപ്പാറ്റിക് എൻസഫലോപ്പതി എന്ന അവസ്ഥയിലേക്ക് നയിക്കും. ഇത് മൂഡ്സ്വിങ്ങ്സിനും വ്യക്തിത്വത്തിൽ മാറ്റങ്ങളുണ്ടാവാനും കാരണമാകും.



## തൻസീൻ ഉമ്മർ രണ്ടാം റാങ്ക്

കാലിക്കറ്റ് സർവ്വകലാശാലയുടെ ബാച്ചിലർ ഓഫ് ആർക്കിടെക്ചർ (ബി ആർക്ക്) പരീക്ഷയിൽ തൻസീൻ ഉമ്മർ രണ്ടാം റാങ്ക് കരസ്ഥമാക്കി. കക്കോടി എംഇഎസ് കോളേജ് ഓഫ് ആർക്കിടെക്ച്ചിലെ വിദ്യാർത്ഥിനിയാണ്. കുറ്റിച്ചിറ പുതിയ നടുവിലകം ഉമ്മർ കോയയുടെയും പരേതയായ അലിഹസ്സൻ മരക്കാരകം ആമത്തുൽ ഹൈയുടെയും മകളാണ് (പരേതനായ എസ്.എം. ബഷീർ ഹാജിയുടെ പേരക്കുട്ടി, സൗത്ത് ബീച്ച്).

# 'താൻ ഇടപെട്ടിരുന്നു, ഒരവസരം കൂടി ആവശ്യപ്പെട്ടപ്പോഴാണ് അവൾ കൂടെ പോയത്'; വിപഞ്ചികയുടെ സഹോദരൻ

തിരുവനന്തപുരം: വിപഞ്ചികയും ഭർത്താവുമായുള്ള പ്രശ്നത്തിൽ താൻ ഇടപെട്ട് പരിഹരിക്കാൻ ശ്രമിച്ചിരുന്നെന്നും എന്നാൽ ഭർത്താവ് ഒരവസരം കൂടി ആവശ്യപ്പെട്ടപ്പോൾ വിപഞ്ചിക കൂടെപോയതായിരുന്നുവെന്നും സഹോദരൻ വിനോദ് മണിയൻ. വിപഞ്ചികയുടെ മരണത്തിന് കാരണക്കാരായവർക്ക് അർഹമായ ശിക്ഷ ലഭിക്കണമെന്നും പ്രതിയെ നാട്ടിലെത്തിച്ച് നിയമനടപടിക്ക് വിധേനാക്കണമെന്നും സഹോദരൻ ആവശ്യപ്പെട്ടു.

മാനസിക പീഡനം ആണെങ്കിലും ആത്മഹത്യ ചെയ്തതിനാൽ ഷാർജയിൽ നിയമസാധുത ഇല്ലെന്നും പ്രതിയെ നാട്ടിൽ എത്തിക്കാൻ സർക്കാരും കോൺസുലേറ്റും ഇടപെടണമെന്നും സഹോദരൻ ആവശ്യമുന്നയിച്ചു. മുമ്പ് ഒരു തവണ പ്രശ്നം പരിഹരിക്കാൻ താൻ ഇടപെട്ട് വിപഞ്ചികയെ നാട്ടിൽ എത്തിച്ചിരുന്നു. പിന്നീട് നിതീഷ് വീണ്ടും അവസരം ആവശ്യപ്പെട്ടപ്പോളാണ് വിപഞ്ചിക കൂടെ പോയതെന്നും പ്രശ്നങ്ങൾ താൻ തന്നെ തീർത്തു കൊള്ളാമെന്ന് വിപഞ്ചിക പറഞ്ഞിരുന്നതായും സഹോദരൻ വ്യക്തമാക്കി.

അതേസമയം, വിപഞ്ചികയുടെ റീപോസ്റ്റ്മോർട്ടത്തിനായുള്ള ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കിയതായി ശാസ്താംകോട്ട ഡിവൈഎസ്പി മുകേഷ് പറഞ്ഞു. ശരീരത്തിൽ ചില ചതവുകൾ കാണുന്നുണ്ടെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ട് വരുന്നതോടെ പൂർണമായും മനസിലാകുമെന്നും മുകേഷ് വ്യക്തമാക്കി. പ്രതിയെ നാട്ടിലെത്തിക്കുന്നതിനായി ലുക്ക്ഔട്ട് നോട്ടീസും റെഡ് കോർണറും പുറപ്പെടുവിക്കുമെന്നും അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണെന്നും പൊലീസ് വ്യക്തമാക്കി.

കഴിഞ്ഞ 9നാണ് കൊല്ലം ചന്ദനത്തോപ്പ് രജിത ഭവനിൽ മണിയന്റെയും ഷൈലജയുടെയും മകൾ വിപഞ്ചിക, മകൾ വൈഭവി എന്നിവരെ ഷാർജ അൽ നഹ്ദയിലെ ഫ്ലാറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. വിവാഹം ആഡംബരമായി നടത്തിയില്ലെന്നും സ്ത്രീധനം കുറഞ്ഞെന്നും കാർ ലഭിച്ചില്ലെന്നും ആരോപിച്ച് മാനസികമായും ശാരീരികമായും പീഡിപ്പിച്ചിരുന്നതായി കാണിച്ചുള്ള ആത്മഹത്യക്കുറിപ്പു ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്ത ശേഷം വിപഞ്ചിക ആത്മഹത്യ ചെയ്യുകയായിരുന്നു.

# മുൻ ഭർത്താവിനെ കള്ളക്കേസിൽ ജയിലിലാക്കിയ ഐപിഎസ് ഉദ്യോഗസ്ഥ പരസ്യമായി മാപ്പ് പറയണമെന്ന് സുപ്രിംകോടതി

ന്യൂഡൽഹി: വിവാഹമോചനവുമായി ബന്ധപ്പെട്ട് മുൻ ഭർത്താവിനെയും ഭർതൃപിതാവിനെയും കള്ളക്കേസിൽ കുടുക്കി ജയിലിലാക്കിയ ഐപിഎസ് ഉദ്യോഗസ്ഥ പരസ്യമായി മാപ്പ് പറയണമെന്ന് സുപ്രിംകോടതി. നിലവിലുള്ള കേസുകളെല്ലാം റദ്ദാക്കിക്കൊണ്ടായിരുന്നു കോടതിയുടെ ഉത്തരവ്. വ്യാജ ക്രിമിനൽ കേസുകൾ ഫയൽ ചെയ്തതിനെത്തുടർന്ന് മുൻ ഭർത്താവിനും ഭർതൃവീട്ടുകാർക്കും നേരിടേണ്ടി വന്ന ശാരീരികവും മാനസികവുമായ പീഡനത്തിന് നിരുപാധികമായി പരസ്യമായി മാപ്പ് പറയണമെന്നായിരുന്നു കോടതിയുടെ ഉത്തരവ്.

2018 മുതൽ വേർപിരിഞ്ഞ് താമസിക്കുന്ന ഇവരുടെ വിവാഹമോചനം ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിയുടെയും ജസ്റ്റിസ് എ.ജി. മാസിഹിന്റെയും ബെഞ്ച് ശരിവെച്ചു. മകൾ അമ്മയോടൊപ്പം താമസിക്കണമെന്നും ഭർത്താവിനും കുടുംബാംഗങ്ങൾക്കും അവരെ കാണാൻ അവസരമൊരുക്കണമെന്നും കോടതി ഉത്തരവിട്ടു. ഐപിഎസ് ഉദ്യോഗസ്ഥയുടെ പരാതിയെത്തുടർന്ന് മുൻഭർത്താവിന് 109 ദിവസവും പിതാവിന് 103 ദിവസവും ജയിലിൽ കിടക്കേണ്ടിവന്നതായി കോടതി വിധിയിൽ പറയുന്നു.'അവർ അനുഭവിച്ച കഷ്ടപ്പാട് ഒരു തരത്തിലും നികത്താൻ കഴിയില്ലെന്നും കോടതി പറഞ്ഞു. 'സ്ത്രീയും മാതാപിതാക്കളും ഭർത്താവിനോടും കുടുംബാംഗങ്ങളോടും നിരുപാധികം ക്ഷമാപണം നടത്തണം. മാപ്പപേക്ഷ ഇംഗ്ലീഷ്, ഹിന്ദി പത്രത്തിന്റെ ദേശീയ പതിപ്പിൽ പ്രസിദ്ധീകരിക്കണമെന്നും ഉത്തരവിൽ പറയുന്നു.കൂടാതെ മൂന്ന് ദിവസത്തിനുള്ളിൽ ക്ഷമാപണം ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, യൂട്യൂബ്, മറ്റ് സമാന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവയിലും പോസ്റ്റ് ചെയ്യണമെന്നും ജഡ്ജിമാർ വ്യക്തമാക്കി.വെറുതെ മാപ്പ് പറഞ്ഞാൽ പേരെന്നും കോടതി നിർദേശിക്കുന്ന പോലെയാകണം അതെന്നും ഉത്തരവിലുണ്ട്. കൂടാതെ ഭാര്യയുടെ മാപ്പപേക്ഷ ഭർത്താവോ കുടുംബമോ മറ്റെവിടെയെങ്കിലും ഉപയോഗിക്കാനോ വെല്ലുവിളിക്കാനോ പാടില്ലെന്നും കോടതി വ്യക്തമാക്കി. ഏതെങ്കിലും വിധത്തിൽ ഉത്തരവ് ലംഘിക്കുന്നത് കോടതിയോടുള്ള അവഹേളനമായി കണക്കാക്കുമെന്നും ജഡ്ജിമാർ അറിയിച്ചു.

ഭർത്താവിനും കുടുംബത്തിനുമെതിരെ പുതിയ നടപടിയെടുക്കാൻ ഔദ്യോഗികമായ പദവിയോ അധികാരമോ സഹപ്രവർത്തകരുടെ അധികാരമോ ദുരുപയോഗം കോടതി സ്ത്രീക്ക് മുന്നറിയിപ്പ് നൽകി. വിവാഹമോചനത്തിനും ജീവനാംശത്തിനും വേണ്ടി ഭർത്താവിനും കുടുംബത്തിനും എതിരെ പ്രത്യേക ക്രിമിനൽ കേസുകളും കുടുംബ കോടതിയിൽ ഒരു സമാന്തര കേസും ഉദ്യോഗസ്ഥ ഫയൽ ചെയ്തിരുന്നു. ഇതെല്ലാം സുപ്രിംകോടതി റദ്ദാക്കിയിട്ടുണ്ട്.

# 2036 ഒളിമ്പിക്സിന് ആതിഥേയരാകാൻ ഖത്തർ



ദോഹ: 2036 ലെ ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കാൻ ഖത്തർ ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റിക്ക് ബിഡ് സമർപ്പിച്ചു. ഒളിമ്പിക്സും പാരാലിമ്പിക്സും നടത്താൻ താൽപര്യം അറിയിച്ച് ഔദ്യോഗികമായി അപേക്ഷ നൽകിയതായി ഖത്തർ ഒളിമ്പിക് കമ്മിറ്റി അറിയിച്ചു. ഒളിമ്പിക്സ് മത്സര ഇനങ്ങൾ നടത്താൻ 95 ശതമാനം സൗകര്യങ്ങൾ ഖത്തറിലുണ്ടെന്നും അത് നൂറ് ശതമാനത്തിലെത്തിക്കാൻ കൃത്യമായ പദ്ധതി തയ്യാറാക്കിയതായും ക്യുഒസി പ്രസിഡന്റ് ശൈഖ് ജൊആൻ ബിൻ ഹമദ് അൽതാനി വ്യക്തമാക്കി.

2022 ലോകകപ്പ് ഫുട്ബോളും 2024 ഏഷ്യൻ കപ്പ് ഫുട്ബോളും വിജയകരമായി നടത്തിയതിന്റെ ട്രാക്ക് റെക്കോർഡുമായാണ് ഖത്തർ ഒളിമ്പിക്സിന് ആതിഥേരാകാൻ ശ്രമം നടത്തുന്നത്. ആഗോള കായിക രംഗത്ത് മുൻനിരയിൽ ഖത്തറിനുള്ള സ്ഥാനമാണ് ഒളിമ്പിക്സ് ബിഡിലൂടെ അടയാളപ്പെടുത്തുന്നതെന്ന് ഖത്തർ പ്രധാനമന്ത്രി ശൈഖ് മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ അൽതാനി വ്യക്തമാക്കി.

ഒളിമ്പിക്സിന് ആതിഥേയരാകുന്ന ആദ്യ പശ്ചിമേഷ്യൻ രാജ്യമാവുകയാണ് ഖത്തറിന്റെ ലക്ഷ്യം. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള കായിക പ്രേമികൾക്ക് സുരക്ഷിതമായ കായികാനുഭവം പകരാൻ ഖത്തറിന് സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യ, ഇന്തോനേഷ്യ, തുർക്കി, ചിലി എന്നീ രാജ്യങ്ങളും 2036 ഒളിമ്പിക്സിന് ആതിഥേയരാകാൻ ബിഡ് സമർപ്പിച്ചിട്ടുണ്ട്. സൗദി അറേബ്യ, ദക്ഷിണ കൊറിയ, ഈജിപ്ത്, ഹങ്കറി, ഇറ്റലി, ജർമനി, ഡെന്മാർക്ക്, കാനഡ തുടങ്ങിയ രാജ്യങ്ങളും താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

2030 ൽ ഏഷ്യൻ ഗെയിംസിന് ഖത്തർ തലസ്ഥാനമായ ദോഹയാണ് വേദി. ഏഷ്യൻ ഗെയിംസിനുള്ള സൗകര്യങ്ങൾ ഒളിമ്പിക്സിലേക്കുള്ള തയ്യാറെടുപ്പാക്കി മാറ്റുകയാണ് ഖത്തറിന്റെ ലക്ഷ്യം.

# ഇംഗ്ലണ്ടിനെ പഞ്ഞിക്കിട്ട് ഹർമൻപ്രീത് ഇനി മിതാലിക്കൊപ്പം




ഇംഗ്ലണ്ടിനെതിരെയായ മൂന്നാം ഏകദിനത്തിൽ വിജയം കരസ്ഥമാക്കി ഇന്ത്യൻ വനിതകൾ. റിവർ സൈഡ് ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ 13 റൺസിന്റെ വിജയമാണ് നേടിയത്. വിജയത്തോടെ ഇന്ത്യ പരമ്പര 2 1ന് സ്വന്തമാക്കി. ക്യാപ്റ്റൻ ഹർമൻപ്രീത് കൗറിന്റെയും യുവതാരം ക്രാന്തി ഗൗഡിന്റെയും മിന്നും പ്രകടനത്തിലാണ് സന്ദർശകർ വിജയിച്ചത്.

മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ അഞ്ച് വിക്കറ്റിൽ 318 റൺസ് നേടിയിരുന്നു. വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 13 റൺസിന് അകലെ വീഴുകയായിരുന്നു. ഒരു പന്ത് ബാക്കി നിൽക്കേ ആതിഥേയരുടെ എല്ലാ ബാറ്റർമാരും കൂടാരം കയറിയതോടെയാണ് ഇന്ത്യ വിജയിച്ചത്.

ഇന്ത്യൻ ഇന്നിങ്സിൽ നെടും തൂണായത് ക്യാപ്റ്റൻ ഹർമൻപ്രീത് കൗറാണ്. ഇംഗ്ലണ്ടിനെതിരെ സെഞ്ചുറി നേടിയാണ് ഹർമൻപ്രീത് ഇന്ത്യയ്ക്ക് മികച്ച സ്കോർ സമ്മാനിച്ചത്. താരം 84 പന്തുകൾ നേരിട്ട് 102 റൺസാണ് നേടിയത്. 14 ഫോറുകൾ അടങ്ങുന്നതായിരുന്നു താരത്തിന്റെ ഇന്നിങ്സ്.

ഈ പ്രകടനത്തോടെ ഒരു സൂപ്പർ നേട്ടവും ഇന്ത്യൻ ക്യാപ്റ്റൻ സ്വന്തമാക്കി. ഇംഗ്ലണ്ടിനെതിരെയുള്ള ഹർമൻപ്രീതിന്റെ സെഞ്ചുറി ഏകദിനത്തിലെ താരത്തിന്റെ ഏഴാമത്തേതായിരുന്നു. അതോടെ ഇന്ത്യയുടെ മുൻ ക്യാപ്റ്റൻ മിതാലി രാജിന്റെ റെക്കോർഡിനൊപ്പം എത്താനാണ് താരത്തിന് സാധിച്ചത്. മിതാലിക്കും ഈ ഫോർമാറ്റിൽ ഏഴ് സെഞ്ചുറികളാണുള്ളത്. ഇരുവർക്കും മുന്നിലുള്ളത് 11 സെഞ്ചുറികൾ നേടിയിട്ടുള്ള ഇന്ത്യൻ ഓപ്പണർ സ്മൃതി മന്ഥാന മാത്രമാണ്.

ക്യാപ്റ്റന് പുറമെ, ജെമീമ റോഡ്രിഗസും മികച്ച പ്രകടനം നടത്തി. 45 പന്തുകൾ നേരിട്ട് 50 റൺസാണ് താരം സ്കോർ ചെയ്തത്. സ്മൃതി മന്ഥാന (54 പന്തിൽ 45), ഹാർലിൻ ഡിയോൾ (65 പന്തിൽ 45) എന്നിവരും സ്കോർ ബോർഡിലേക്ക് സംഭാവന ചെയ്തു.ഇന്ത്യയുടെ സ്കോർ പിന്തുടർന്ന ഇംഗ്ലണ്ടിനായി ക്യാപ്റ്റൻ നാറ്റ് സ്കൈവർ ബ്രണ്ട് സെഞ്ചുറിയോളം പോന്ന പ്രകടനവുമായി വിജയപ്രതീക്ഷ നൽകി. താരം 105 പന്തിൽ 11 ഫോറുകളുമായി 98 റൺസാണ് നേടിയത്. കൂടാതെ എമ്മ ലാംബ് 81 പന്തിൽ 68 റൺസ് നേടി തിളങ്ങി.

# കേരളത്തിന് വീണ്ടും പ്രതീക്ഷയേകി അർജന്റീന ടീം; സർക്കാരുമായി ചർച്ച നടക്കുകയാണെന്ന് ടീം മാർക്കറ്റിങ് മേധാവി




ദുബൈ: കേരളത്തിൽ കളിക്കാനുള്ള മന്ത്രി തല ചർച്ചകൾ സജീവമായി നടക്കുന്നതായി അർജന്റീന ഫുട്ബോൾ ടീം മാർക്കറ്റിങ് ഡയറക്ടർ ലിയാൻഡ്രോ പീറ്റേഴ്സൻ. അടുത്ത ലോകകപ്പിന് മുൻപ് ടീം കേരളത്തിൽ എത്തുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം ദുബായിൽ പറഞ്ഞു. മിന്റെ ഫിൻടെക് പങ്കാളികളായി ലുലു ഫിനാൻഷ്യൽ ഹോൾഡിങ്സുമായി ധാരണപത്രം ഒപ്പിടുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ലിയാൻഡ്രോ.

അർജന്റീന ടീം കേരളത്തിലെത്തിയാൽ ഇന്ത്യയിൽ നിന്നും പ്രത്യേകിച്ച് കേരളത്തിൽ നിന്നുമുള്ള ആരാധകർ കാലങ്ങളായി നൽകുന്ന സ്നേഹത്തിനുള്ള പ്രതിഫലം കൂടിയാകും. 'ഞങ്ങളുടെ ടീമിന് ഇന്ത്യയിൽ ഇത്രയും ആരാധകരുണ്ടെന്നത് അഭിമാനമാണ്. അവർക്ക് മുന്നിൽ കളിക്കാൻ ആഗ്രഹമുണ്ട്. സർക്കാരുമായി ചർച്ചകൾ നടക്കുകയാണ്, അതിനാൽ ലോകകപ്പിന് മുൻപുതന്നെ കേരളത്തിൽ കളിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്, അടുത്ത ലോകകപ്പിലും ലിയോണൽ മെസിയുടെ സാന്നിധ്യം അർജന്റീനൻ ടീമിലുണ്ടാകുമെന്നും' അദ്ദേഹം പറഞ്ഞു.

2023ലെ ലോകകപ്പ് വിജയത്തിലേക്ക് ടീമിനെ എത്തിച്ച കോച്ച് ലിയോണൽ സ്കലോണി ഉൾപ്പടെ പ്രഗത്ഭരാണ് ദുബായിൽ ലുലു എക്സ്ചേഞ്ചുമായി ധാരണാപത്രം ഒപ്പിടുന്ന ചടങ്ങിലേക്കെത്തിയത്. അർജന്റീന ടീം വൈകാതെ കേരളത്തിലെത്തുമെന്ന് ലുലു ഹോൾഡിങ്സ് സ്ഥാപകനും മാനേജിങ് ഡയറക്ടറുമായ അദീബ് അഹമ്മദും പറഞ്ഞു. ലുലു എക്സ്ചേഞ്ചുമായി സഹകരിച്ച് ഇന്ത്യയിൽ അർജന്റീന ടീമിന്റെ മത്സരങ്ങൾ നടത്താനുള്ള സാധ്യതകൾ ചർച്ച ചെയ്തുവരികയാണെന്നും അദ്ദേഹം പറഞ്ഞു. ടീമിന്റെ മേഖലാ ഫിൻടെക് പങ്കാളിയാണ് ലുലു എക്സ്ചേഞ്ച് ധാരണയിലൊപ്പുവെച്ചത്. പത്ത് രാജ്യങ്ങളിലായി ലുലു ഫിനാൻഷ്യൽ ഹോൾഡിങ് സ്ഥാപനങ്ങൾ അജന്റീനൻ ഫുട്ബോൾ അസോസിയേഷന്റെ ഫിൻടെക് പങ്കാളികളാകും. ആവേശകരമായ ഫാൻ ആക്റ്റിവേഷൻ പരിപാടികളും ആരാധകർക്ക് പ്രതീക്ഷിക്കാം. ജിസിസിയിലുള്ള പ്രവാസികൾക്കും മലയാളികൾക്കും അർജന്റീനൻ ടീമിനെ അടുത്ത് കിട്ടാനുള്ള അവസരങ്ങൾ പ്രതീക്ഷിക്കാം.

# നാണംകെട്ട് പാകിസ്ഥാൻ; ചരിത്രമെഴുതി ബംഗ്ലാദേശ്



ബംഗ്ലാദേശ് പര്യടനത്തിലെ രണ്ടാം ടി 20 മത്സരത്തിലും പരാജയപ്പെട്ട് പാകിസ്ഥാൻ. മിർപൂർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ എട്ട് റൺസിന്റെ തോൽവിയാണ് ആതിഥേയരോട് പാകിസ്ഥാൻ വഴങ്ങിയത്. ഇതോടെ പരമ്പരയും പാകിസ്ഥാന് നഷ്ടമായി. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഒന്നാം മത്സരത്തിലും പാകിസ്ഥാൻ ബംഗ്ലാദേശിനോട് ദയനീയമായി തോറ്റിരുന്നു. അന്ന് ഏഴ് വിക്കറ്റിന്റെ തോൽവിയാണ് വഴങ്ങിയത്. ഇതോടെയാണ് ബംഗ്ലാദേശ് പരമ്പര സ്വന്തമാക്കിയത്.

പരമ്പര നേടിയതോടെ ഒരു ചരിത്രവും ബംഗ്ലാ കടുവകൾ സൃഷ്ടിച്ചു. പാകിസ്ഥാനെതിരെ രണ്ടിലധികം മത്സരങ്ങളുള്ള ഒരു ടി 20 പരമ്പര ആദ്യമായാണ് ബംഗ്ലാദേശ് സ്വന്തമാക്കുന്നത്.അതേസമയം, രണ്ടാം മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് നിശ്ചിത ഓവറിൽ 133 റൺസിന് ഓൾ ഔട്ടായിരുന്നു. കടുവകൾക്കായി ജാക്കിർ അലിയും മെഹ്ദി ഹസനുമാണ് മികച്ച പ്രകടനം നടത്തിയത്. ജാക്കിർ അലി അർധ സെഞ്ചുറി നേടിയാണ് ബംഗ്ലാദേശിന്റെ സ്കോർ ബോർഡിനെ ചലിപ്പിച്ചത്. 48 പന്തുകൾ നേരിട്ട് അഞ്ച് സിക്സും ഒരു ഫോറും അടക്കം 55 റൺസാണ് താരം നേടിയത്. ജാക്കിർ അലിയ്ക്ക് ഉറച്ച പിന്തുണ നൽകി മെഹ്ദി ഹസനും ക്രീസിൽ നിന്നു. വിലപ്പെട്ട 33 റൺസാണ് ഹസന്റെ ബാറ്റിൽ നിന്ന് പിറന്നത്. 25 പന്തുകൾ നേരിട്ട താരം രണ്ട് വീതം സിക്സറും ഫോറും അടിച്ചാണ് ഇത്രയും സ്കോർ സ്വന്തമാക്കിയത്. മറ്റാർക്കും വലിയ സംഭാവന നൽകാനായില്ല.

പാകിസ്ഥാനായി സൽമാൻ മിർസ, അഹമ്മദ് ഡാനിയൽ, അബ്ബാസ് അഫ്രീദി എന്നിവർ രണ്ട് വിക്കറ്റുകൾ വീതം വീഴ്ത്തി. മുഹമ്മദ് നവാസും ഫഹീം അഷറഫും ശേഷിക്കുന്ന വിക്കറ്റുകൾ നേടി.മറുപടി ബാറ്റിങ്ങിൽ പാകിസ്താന്റെ തകർച്ചക്കാണ് ആരാധകർ സാക്ഷിയത്. സ്കോർ ബോർഡിൽ 15 റൺസ് ചേർത്തപ്പോഴേക്കും അഞ്ച് പേരാണ് കൂടാരം കയറിയത്. വലിയ നാണക്കേടിൽ നിന്ന് സന്ദർശകരെ രക്ഷിച്ചത് ഫഹീം അഷ്റഫിന്റെ ഒറ്റയാൾ പോരാട്ടമാണ്.

ഒരറ്റത്ത് വിക്കറ്റുകൾ വീണപ്പോഴും താരം അർധ സെഞ്ചുറിയുമായി പാകിസ്ഥാനെ താങ്ങി നിർത്തി. 32 പന്തുകൾ നേരിട്ട് താരം 51 റൺസ് നേടിയാണ് പാകിസ്ഥാനെ വമ്പൻ തോൽവിയിൽ നിന്ന് രക്ഷിച്ചത്. നാല് വീതം സിക്സറും ഫോറും അടങ്ങുന്നതായിരുന്നു താരത്തിന്റെ ഇന്നിങ്സ്.18ാം ഓവറിന്റെ അവസാനം വരെ പിടിച്ച് നിന്നാണ് അഷ്റഫ് മടങ്ങിയത്. അതുവരെ പാകിസ്ഥാന് വിജയ പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ പിന്നാലെ വന്ന ഡാനിയാലും അവസാന ഓവറിൽ മടങ്ങിയതോടെ അഷ്റഫിന്റെ പോരാട്ടം വിഫലമായി.

# സൂര്യൻ പൂർണമായും ഇരുട്ടിലാകും; ഓഗസ്റ്റ് 2ന് അപൂർവ പ്രതിഭാസം സംഭവിക്കുമോ?

ആകാശത്ത് ഒരു അപൂർവ പ്രതിഭാസം 2027 ഓഗസ്റ്റ് 2ന് അരങ്ങേറും. ഗ്രേറ്റ് നോർത്ത് ആഫ്രിക്കൻ എക്ലിപ്സ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ പൂർണ സൂര്യഗ്രഹണം ഏകദേശം ആറ് മിനിറ്റോളം നീണ്ടുനിൽക്കും. യൂറോപ്, ആഫ്രിക്ക, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന ഈ ഗ്രഹണപാത മൊറോക്കോ, ഈജിപ്ത്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ പൂർണ ഇരുട്ട് പരത്തും. എന്നാൽ, ഇന്ത്യക്ക് ഈ പൂർണ ഗ്രഹണം ദൃശ്യമാകില്ലെങ്കിലും, ഭാഗിക സൂര്യഗ്രഹണത്തിന് സാക്ഷ്യം വഹിക്കാൻ നമുക്ക് സാധിക്കും.

പകലിനെ രാത്രിയാക്കി മാറ്റുന്ന ഒരു പൂർണ സൂര്യഗ്രഹണത്തിന് ഒരു പ്രത്യേകതയുണ്ട്, പ്രത്യേകിച്ച് ലോകത്തെ നിമിഷങ്ങളോളം നിശ്ചലമാക്കുന്ന ആ ഒരവസ്ഥയ്ക്ക്. ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള ഈ കാഴ്ചയിൽ, ചന്ദ്രൻ സൂര്യനെ പൂർണ്ണമായും മറയ്ക്കുമ്പോൾ പക്ഷികൾ നിശബ്ദമാകുന്നു, വായു തണുക്കുന്നു, ആകാശം സന്ധ്യാസമയത്തേത് പോലെ ഇരുണ്ട് വരുന്നു. സൂര്യന്റെ പ്രകാശമുള്ള കൊറോണ ഒരു നേർത്ത പ്രകാശവലയം പോലെ കാണപ്പെടുന്നു, സാധാരണ നിലയിൽ അദൃശ്യമായ ബാഹ്യ അന്തരീക്ഷം ഒരു പ്രകാശ വലയമായി മാറുന്നു.

## എപ്പോഴാണ് പൂർണ സൂര്യഗ്രഹണം സംഭവിക്കുന്നത്?

ചന്ദ്രൻ ഭൂമിക്കും സൂര്യനുമിടയിൽ നേരിട്ട് കടന്നുപോകുമ്പോൾ, അത് സൂര്യന്റെ ഉപരിതലത്തിൽ ഒരു നിഴൽ വീഴ്ത്തുന്നു. ഭൂമിയിൽ നിന്ന് നോക്കുമ്പോൾ സൂര്യനെ ചന്ദ്രൻ പൂർണ്ണമായി മറച്ചതായി തോന്നുന്നു. ഈ ആകാശഗോളങ്ങളുടെ നൃത്തമാണ് പൂർണ്ണ സൂര്യഗ്രഹണത്തിലേക്ക് നയിക്കുന്നത്.

## എപ്പോഴാണ് ഈ ഗ്രഹണം നടക്കുന്നത്?

2027 ഓഗസ്റ്റ് 2-ന് ലോകം അത്തരമൊരു അസാധാരണ സംഭവത്തിന് സാക്ഷ്യം വഹിക്കും. ഇത് ഒരു സാധാരണ ഗ്രഹണമല്ല; 'ഗ്രേറ്റ് നോർത്ത് ആഫ്രിക്കൻ എക്ലിപ്സ്' എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ഏകദേശം ആറ് മിനിറ്റോളം ഇത് നീണ്ടുനിൽക്കുമെന്നതിനാൽ, ആധുനിക കാലത്തെ ഏറ്റവും ദൈർഘ്യമേറിയ സൂര്യഗ്രഹണങ്ങളിൽ ഒന്നായി ഇത് മാറും. ദശലക്ഷക്കണക്കിന് ആളുകൾ ചന്ദ്രന്റെ നിഴലിന് കീഴിലായിരിക്കും, പകൽ സമയത്ത് പൂർണ ഇരുട്ട് അനുഭവിക്കും.

## എന്തുകൊണ്ട് ഈ ഗ്രഹണം ഇത്രയേറെ ശ്രദ്ധേയമാകുന്നു?

ഈ ഗ്രഹണം പ്രത്യേകമാകുന്നത് ഇതിന്റെ അപൂർവമായ ബഹിരാകാശ വിന്യാസം കാരണമാണ്. ഭൂമി അഫീലിയനിൽ, അതായത് സൂര്യനിൽ നിന്ന് ഏറ്റവും അകന്ന സ്ഥാനത്തായിരിക്കും, ഇത് സൂര്യനെ ആകാശത്ത് അല്പം ചെറുതായി കാണാൻ ഇടയാക്കും. അതേസമയം, ചന്ദ്രൻ പെരിജീയിൽ, അതായത് ഭൂമിയോട് ഏറ്റവും അടുത്ത സ്ഥാനത്തായിരിക്കും, ഇത് അതിനെ വലുതായി കാണാൻ ഇടയാക്കും. ഈ സംയോജനം സൂര്യനെ സാധാരണയേക്കാൾ കൂടുതൽ നേരം ചന്ദ്രന് മറയ്ക്കാൻ അനുവദിക്കുന്നു.

## 2025 ഓഗസ്റ്റ് 2-ന് സൂര്യഗ്രഹണം ഉണ്ടോ?

സമീപ വർഷങ്ങളിൽ ജ്യോതിശാസ്ത്രപരമായ സംഭവങ്ങളിൽ പൊതുജനങ്ങളുടെ ആകാംഷ വർധിച്ചതോടെ, ആഗസ്റ്റ് 2, 2025-ൽ സൂര്യഗ്രഹണം ഉണ്ടോ എന്ന ചോദ്യം സോഷ്യൽ മീഡിയയിലും ആകാശ നിരീക്ഷകർക്കിടയിലും സജീവ ചർച്ചാവിഷയമായി മാറിയിട്ടുണ്ട്. 2027 ഓഗസ്റ്റ് 2-ന് നടക്കാനിരിക്കുന്ന വലിയ സൂര്യഗ്രഹണത്തിനായുള്ള ആഗോള താൽപ്പര്യം ഇതിന് പിന്നിലുണ്ട്. എന്നിരുന്നാലും, 2025-നെ സംബന്ധിച്ചിടത്തോളം, ആഗസ്റ്റ് 2-ന് സൂര്യഗ്രഹണം ഉണ്ടാകില്ലെന്ന് ജ്യോതിശാസ്ത്രജ്ഞർ സ്ഥിരീകരിച്ചിട്ടുണ്ട്.

ഈ ആശയക്കുഴപ്പം തെറ്റിദ്ധരിക്കപ്പെട്ട ജ്യോതിശാസ്ത്ര കലണ്ടറുകളിൽ നിന്നോ, തെറ്റായി ലേബൽ ചെയ്ത



ഓൺലൈൻ ഇൻഫോഗ്രാഫിക്സിൽ നിന്നോ, അല്ലെങ്കിൽ വർഷം തെറ്റിപ്പോയ ചില തെറ്റിദ്ധരിപ്പിക്കുന്ന സോഷ്യൽ മീഡിയ പോസ്റ്റുകളിൽ നിന്നോ ആകാം. 2025 ഓഗസ്റ്റ് 2-ന് ഭൂമിയിൽ നിന്ന് ദൃശ്യമാകുന്ന ഒരു സൂര്യഗ്രഹണവും ഇല്ലെന്ന് ബഹിരാകാശ ഏജൻസികൾ ഉൾപ്പെടെയുള്ള ജ്യോതിശാസ്ത്രജ്ഞർ സ്ഥിരീകരിച്ചിട്ടുണ്ട്.

## ഏത് നഗരങ്ങൾക്ക് ഇത് കാണാൻ കഴിയും?

ഈ ഗ്രഹണം യൂറോപ്പ്, ആഫ്രിക്ക, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിലൂടെ കടന്നുപോകും, ഏകദേശം ആറ് മിനിറ്റോളം പല നഗരങ്ങളെയും പൂർണ്ണ ഇരുട്ടിലാഴ്ത്തും. സ്പെയ്സ് അനുസരിച്ച്, 2114 വരെ ഭൂമിയുടെ കരപ്രദേശത്ത് നിന്നും ദൃശ്യമാകുന്ന ഏറ്റവും ദൈർഘ്യമേറിയ സൂര്യഗ്രഹണമായിരിക്കും ഇത്.

പൂർണ ഗ്രഹണത്തിന്റെ പാത അറ്റ്ലാന്റിക് സമുദ്രത്തിൽ ആരംഭിച്ച് തെക്കൻ സ്പെയിനിലൂടെയും ജിബ്രാൾട്ടറിലൂടെയും കടന്നുപോകും. തുടർന്ന് വടക്കൻ ആഫ്രിക്കയിലേക്ക് നീങ്ങും, മൊറോക്കോ, അൾജീരിയ, ടുണീഷ്യ, ലിബിയ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലൂടെ കടന്നുപോകും. അവിടെ നിന്ന് ചെങ്കടലിലൂടെ കടന്ന് സൗദി അറേബ്യ, യെമൻ, സൊമാലിയയുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലേക്ക് പ്രവേശിക്കും. ഈജിപ്തിലെ ലക്സറിൽ ആറ് മിനിറ്റിലധികം പൂർണ ഇരുട്ട് അനുഭവപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഇന്ത്യയിൽ ഗ്രഹണം ദൃശ്യമാകുമോ?

നിർഭാഗ്യവശാൽ, ഇന്ത്യ പൂർണ ഗ്രഹണത്തിന്റെ പാതയിൽ ഉൾപ്പെടുന്നില്ല. എന്നിരുന്നാലും, ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത, തിരുവനന്തപുരം ഉൾപ്പെടെ ഇന്ത്യയിലെ മിക്ക നഗരങ്ങളിലും ഭാഗിക സൂര്യഗ്രഹണം ദൃശ്യമാകും. ഇന്ത്യയിൽ ഏകദേശം വൈകുന്നേരം 3:34 പിഎം(ഐഎസ്ടി) മുതൽ 5:53 പിഎം(ഐഎസ്?ടി) വരെയാണ് ഭാഗിക ഗ്രഹണം പ്രതീക്ഷിക്കുന്നത്. കാലാവസ്ഥ അനുകൂലമാണെങ്കിൽ, സൂര്യാസ്തമയം വരെ ഭാഗിക ഘട്ടം നീണ്ടുനിൽക്കും.

## സുരക്ഷിതമായ കാഴ്ച ഇങ്ങനെ:

സൂര്യഗ്രഹണം നഗ്നനേത്രങ്ങൾ കൊണ്ട് നോക്കുന്നത് കണ്ണിന് ഗുരുതരമായ കേടുപാടുകൾ വരുത്തും. അതിനാൽ, ഗ്രഹണം കാണുമ്പോൾ എപ്പോഴും ഐഎസ്ഒ സർട്ടിഫിക്കേഷനുള്ള സോളാർ ഫിൽട്ടർ കണ്ണടകൾ ഉപയോഗിക്കുക. പിൻഹോൾ പ്രൊജക്ടറുകൾ പോലുള്ള പരോക്ഷ കാഴ്ചാരീതികളും സുരക്ഷിതമാണ്. സാധാരണ സൺഗ്ലാസുകളോ മറ്റ് ഫിൽട്ടറുകളോ ഒരു കാരണവശാലും ഉപയോഗിക്കരുത്. ടെലിസ്കോപ്പോ ബൈനോക്കുലറുകളോ ഉപയോഗിക്കുകയാണെങ്കിൽ അവയ്ക്ക് മുന്നിൽ പ്രത്യേകം സോളാർ ഫിൽട്ടറുകൾ ഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.